# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല – തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് -2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4- പ്രകാരം തടസ്സപ്പെടുത്തിയ 1,00,727/-രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2195/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:22/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ എം3-1102/2015 നമ്പർ കത്ത്.

2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 10/02/2015-ലെ കെ.എസ്.എ 12788/പിറ്റി1/2015 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം തൈക്കാട്ടുശ്ശേരി ഫെറി മെയിന്റെനെൻസ് എന്ന പദ്ധതി പ്രകാരം 2011-2012 വർഷത്തിൽ റോഡിതര മെയിന്റെനെൻസ് ഫണ്ട് ഉപയോഗിച്ച് 1,00,727/-രൂപ (ഒരു ലക്ഷത്തി എഴുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ചെലവഴിച്ചത് ആഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 24-10-2014 ലെ IXാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 2010-2011 ലെ വാർഷികപദ്ധതിയായി, പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും 2011-2012 ലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കപ്പെട്ടിട്ടുള്ളത് എന്നതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം സംഭവിക്കാനുണ്ടായ സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2) പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമാണ്.പദ്ധതിനടത്തിപ്പിൽ യാതൊരു അപാകതയും ആഡിറ്റ് കണ്ടെത്തിയിട്ടില്ല. ആയതിനാൽ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ആഡിറ്റ്

റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 1,00,727/-രൂപയുടെ (ഒരുലക്ഷത്തി എഴുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ചെലവിന് സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,

അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് ആലപ്പുഴ

വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരക്കുന്നതിനായി)

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ